www.harithavidyalayam.org

www.itschool.gov.in

**No.ITS/2010/09/1392 (2)** **തീയതി : 23.09.2010**

## <u>'ഹരിത വിദ്യാലയം' വിദ്യാഭ്യാസ റിയാലിറ്റി ഷോയിൽ പങ്കെടുക്കുന്ന സ്കൂളുകൾക്കുള്ള മാർഗനിർദ്ദേശങ്ങൾ</u>

പൊതുവിദ്യാലയങ്ങളിലെ മികവാർന്ന പ്രവർത്തനങ്ങൾ അംഗീകരിക്കാനും പങ്കുവെയ്ക്കാനുമാണ് 'ഹരിതവിദ്യാലയം' എന്ന പേരിൽ വിദ്യാഭ്യാസ റിയാലിറ്റിഷോ സംഘടിപ്പിക്കുന്നത്. പൊതുവിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള ഐടി@സ്കൂൾ പ്രോജക്ടും, എസ്.എസ്.എ.യും എസ്.ഐ.ഇ.ടി.യും സംയുക്തമായാണ് ഈ പരിപാടി നടപ്പാക്കുന്നത്. സി-ഡിറ്റാണ് സാങ്കേതിക ഏകോപനം നിർവഹിക്കുന്നത്. ഐ.ടി.@സ്കൂൾ വിക്ടേഴ്സിലും ദൂരദർശനിലും 2010 നവംബർ മുതൽ 40 മിനിറ്റ് ദൈർഘ്യമുള്ള 75 എപ്പിസോഡുകളിലായി 'ഹരിത വിദ്യാലയം' സംപ്രേക്ഷണം ചെയ്യും. ഇതുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**<u>പൊതു നിബന്ധനകൾ:</u>**

1. **സർക്കാർ, എയിഡഡ്** മേഖലകളിൽപ്പെട്ട എൽ.പി, യു.പി, ഹൈസ്കൂളുകൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ഒരു സ്കൂളിൽത്തന്നെ എൽ.പി,.യു.പി. ഹൈസ്കൂൾ വിഭാഗങ്ങളുണ്ടെങ്കിലും **ആ സ്കൂളിനെ ഒറ്റ യൂണിറ്റായി** മാത്രമേ പരിഗണിക്കൂ.
2. ഒരു വിദ്യാഭ്യാസ ജില്ലയിൽ നിന്നു മൂന്നു സ്കൂളുകളെ വരെ പ്രാഥമിക പരിശോധനയ്ക്കു ശേഷം ഒന്നാം റൗണ്ടിലേക്ക് തിരഞ്ഞെടുക്കും. ഈ സ്കൂളുകൾക്ക് തിരുവനന്തപുരത്ത് സ്റ്റുഡിയോയിൽ വന്ന് അവതരണം നടത്താൻ അവസരം നൽകുന്നതാണ്. അവസാന റൗണ്ടിൽ പത്ത് സ്കൂളുകൾക്കാണ് അവസരം ലഭിക്കുക.

Admn/SS/1211/2010

3. ഏറ്റവും മികച്ച സ്കൂളിന് `15 ലക്ഷവും രണ്ടാം സ്ഥാനം നേടുന്ന സ്കൂളിന് `10 ലക്ഷവും മൂന്നാം സ്ഥാനം നേടുന്ന സ്കൂളിന് `5 ലക്ഷവും നൽകുന്നതാണ്. അവസാന റൗണ്ടിലെത്തുന്ന മറ്റ് ഏഴ് സ്കൂളുകൾക്ക് `2 ലക്ഷം വീതവും നൽകും. ഒന്നാം റൗണ്ടിലെത്തുന്ന മറ്റു 104 സ്കൂളുകൾക്ക് പരമാവധി `10,000 ചെലവുകൾക്കായി നൽകും. സ്കൂളിലെ പ്രതിനിധികൾക്ക് തിരുവനന്തപുരത്തു വരാനുള്ള യാത്രാക്കൂലി, താമസച്ചെലവ് തുടങ്ങിയവ ഈ തുകയിൽ നിന്നാണ് കണ്ടെത്തേണ്ടത്.
4. **പ്രാഥമിക റൗണ്ടിലേക്ക് സ്കൂളുകൾ ഓൺലൈൻ രൂപത്തിൽ അപേക്ഷിക്കണം.** (തപാൽ വഴി പൂരിപ്പിച്ച് അയച്ചു തരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കില്ല) **'അക്കാദമിക്' വിവരങ്ങൾ എല്ലാവരും നിർബന്ധമായും പൂരിപ്പിക്കണം.** മറ്റു പത്ത് മേഖലകൾ വിശദമായി പരിശോധിച്ച് പൂരിപ്പിച്ചശേഷം സ്കൂളിന് കൂടുതൽ മികവ് പുലർത്താൻ കഴിയുന്ന **ഏതെങ്കിലും മൂന്നു മേഖലകൾ കൂടി മാത്രം ഓൺലൈനായി നൽകിയാൽ മതി.** ഇതോടൊപ്പം **Open office impress-ൽ പരമാവധി 30 സ്ലൈഡ് വരുന്ന ഒരു പ്രസന്റേഷൻ പ്രത്യേകം സി.ഡി.യിലാക്കി** 'ഹരിത വിദ്യാലയം' നിർവഹണ ഓഫീസിലേക്ക് നിർബന്ധമായും അയക്കേണ്ടതാണ്. ഈ പ്രസന്റേഷൻ അപേക്ഷാഫോമിലെ വിവരങ്ങളുടെ തനിപകർപ്പാകരുത്. നാല് മേഖലകൾക്കുപരിയായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ, അവയുടെ ചിത്രങ്ങൾ, പത്രക്കുറിപ്പുകൾ, പഠനോല്പന്നങ്ങളുടെ വിവരങ്ങൾ തുടങ്ങിയവയെല്ലാം മുപ്പത് സ്ലൈഡുകളിലായി ഉൾക്കൊള്ളിക്കണം.
5. വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡു ചെയ്ത അപേക്ഷാഫോറം സ്കൂളിലെ ബന്ധപ്പെട്ട സമിതികളിൽ ചർച്ച ചെയ്ത് ആവശ്യമായ വിശദാംശങ്ങൾ ശേഖരിച്ച് പൂരിപ്പിച്ച ശേഷമായിരിക്കണം ആ വിവരങ്ങൾ വെബ്സൈറ്റിൽ നൽകേണ്ടത്. എൽ.പി/യു.പി/ഹൈസ്കൂളുകൾ അപേക്ഷിക്കുമ്പോൾ അവരുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ മാത്രം നൽകിയാൽ മതി.
6. അപേക്ഷയിലും പ്രസന്റേഷനിലും നൽകുന്ന വിവരങ്ങൾ കൃത്യവും യഥാർത്ഥവുമാണെന്ന് പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തണം. **ഇതിന്റെ ഒപ്പിട്ട കോപ്പി ആവശ്യമായ രേഖകളോടെ സ്കൂളിൽ സൂക്ഷിക്കണം.** വിവരങ്ങളുടെ തുടർപരിശോധന ആവശ്യമാണെങ്കിൽ ഈ രേഖകൾ പരിശോധിക്കാനുള്ള സൗകര്യം പ്രഥമാധ്യാപകർ ഒരുക്കിക്കൊടു ക്കേണ്ടതാണ്.
7. തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തിയതായി ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തിയാൽ പ്രസ്തുത സ്കൂളിനെ പരിപാടിയിൽ പങ്കെടുക്കുന്നതിന് അയോഗ്യത കല്പിക്കുന്നതാണ്.
8. പ്രാഥമിക റൗണ്ടിലേക്ക് തിരഞ്ഞെടുക്കുന്ന സ്കൂളുകളിൽ 'ഹരിത വിദ്യാലയം' സംഘം സന്ദർശനം നടത്തി അവരുടെ പ്രവർത്തനങ്ങൾ വീഡിയോ

ഡോക്യുമെന്റേഷൻ നടത്തുന്നതാണ്. അതിനു ശേഷം ആ സ്കൂളിലെ അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർതൃസമിതി എന്നിവയുടെ പ്രതിനിധികളാണ് തിരുവനന്തപുരത്ത് സ്റ്റുഡിയോയിൽ വരേണ്ടത്. സംഘാംഗങ്ങളുടെ എണ്ണമുൾപ്പെടെയുള്ള വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

9. അപേക്ഷാഫോറം ഡൗൺലോഡു ചെയ്ത് പൂരിപ്പിച്ച ശേഷം **2010 സെപ്തംബർ 27 മുതൽ ഒക്ടോബർ 10 വരെയുള്ള തീയതികൾക്കിടയിൽ www.harithavidyalayam.org വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ നൽകണം.** സ്കൂൾ കോഡ് ഉപയോഗിച്ചാണ് സൈറ്റിൽ ലോഗിൻ ചെയ്യേണ്ടത്. സ്കൂളിന്റെ ലോഗിൻ ഐഡി ഉപയോഗിച്ച് അവസാന തീയതിക്ക് മുമ്പ് എപ്പോൾ വേണമെങ്കിലും വിവരങ്ങൾ എഡിറ്റ് ചെയ്യാം. ഈ മാറ്റം സ്കൂളിൽ സൂക്ഷിക്കുന്ന പൂരിപ്പിച്ച അപേക്ഷാഫോമിലും വരുത്തേണ്ടതാണ്.
10. 'ഹരിത വിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോ'യുടെ നടപടിക്രമങ്ങളെ സംബന്ധിച്ച് ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായ പൊതുവിദ്യാഭ്യാസ വകുപ്പിലെ മുഴുവൻ ഡയറക്ടർമാരും സി-ഡിറ്റ് പ്രതിനിധിയും ഉൾപ്പെടുന്ന ഒരു സമിതിയാണ് 'ഹരിത വിദ്യാലയം' പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത്.
11. പരിപാടിയെക്കുറിച്ചറിയാനുള്ള അതത് സമയങ്ങളിലെ അറിയിപ്പുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ **www.harithavidyalayam.org** വെബ്സൈറ്റിൽ തുടർച്ചയായി ലഭ്യമാക്കുന്നതാണ്.

സ്കൂൾ പ്രഥമാധ്യാപകന്റെ ആമുഖ കത്തോടെ പ്രസന്റേഷൻ സി.ഡി **2010 ഒക്ടോബർ 10-നകം ഹരിതവിദ്യാലയം സെൽ, ഐ.ടി@സ്കൂൾ, പൂജപ്പുര, തിരുവന്തപുരം-12** എന്ന വിലാസത്തിൽ അയയ്ക്കണം. സി.ഡിയുടെ പുറത്തും കവറിലും സ്കൂളിന്റെ പരും സ്കൂൾ കാഡും വ്യക്തമായി എഴുതണം. സി.ഡിയുടെ പുറത്തും കവറിലും സ്കൂളിന്റെ പേരും സ്കൂൾ കോഡും വ്യക്തമായി എഴുതണം. ഇതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് 'ഹരിത വിദ്യാലയം' സെല്ലിൽ **9567470509, 9567470104, 9567790208, 9567630206, 9633820708** എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്. സെല്ലിന്റെ ഇ-മെയിൽ വിലാസം **harithavidyalayam@gmail.com**.

**കെ. അൻവർ സാദത്ത്**
എക്സിക്യൂട്ടീവ് ഡയറക്ടർ
(ഐ.ടി.@സ്കൂൾ പ്രോജക്ട്)